## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.668      29/05/2019-ൽ മറുപടിക്ക്

### പുതിയ ഇലക്ട്രിക്കൽ സെക്ഷനോഫീസുകൾ

| | ചോദ്യം<br>**ശ്രീ.ജോൺ ഫെർണാണ്ടസ്** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബിയുടെ 24.2.2016ലെ ഉത്തരവ് പ്രകാരം അനുവദിച്ച 30 പുതിയ ഇലക്ട്രിക്കൽ സെക്ഷനോഫീസുകളിൽ എത്ര ഓഫീസുകളാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ; | (എ) & (ബി) & (സി) | ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത ഓഫീസുകളിൽ ഏതെല്ലാമാണ് വാടകക്കെട്ടിടങ്ങളിലും ഉത്തരവ് പ്രകാരമുള്ള 10 സെന്റ് സ്ഥലത്തും പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | വാടകക്കെട്ടിടങ്ങളുടെ വാടക തദ്ദേശ സ്വയംഭരണ സ്ഥാപനമാണോ കെ.എസ്.ഇ.ബിയാണോ വഹിക്കുന്നതെന്ന് അറിയിക്കുമോ; | | |
| (ഡി) | എറണാകുളം ജില്ലയിലെ പള്ളുരുത്തി സെക്ഷനോഫീസിന് കീഴിലെ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ വൈദ്യുതി തടസം കണക്കിലെടുത്ത് മേൽ ഉത്തരവ് പ്രകാരം അനുവദിച്ച ഇടക്കൊച്ചിയിലെ സെക്ഷനോഫീസ് ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (ഡി) | 24.02.2016-ലെ ഉത്തരവ് പ്രകാരം തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ പള്ളുരുത്തി സെഷൻ ഓഫീസും, തോപ്പുംപടി സെഷൻ ഓഫീസും വിഭജിച്ച് ഇടക്കൊച്ചിയിൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് ബോർഡ് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ബോർഡ് ഉത്തരവു പ്രകാരം ബോർഡ് ചിലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡിന്റെ തീരുമാനം. മേൽ സൂചിപ്പിച്ച പ്രകാരം വാടക രഹിത കെട്ടിടമോ സ്ഥലമോ ലഭിക്കാത്തതിനാൽ |

| | | | |
|---|---|---|---|
| | | | ഇടക്കൊച്ചിയിൽ പുതിയ സെക്ഷൻ ഓഫീസ് ഇതു വരെ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 03.05.2019-ൽ ബഹു. എം.എൽ.എ.മാരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്ഷൻ ഓഫീസിന് സൗജന്യമായി കച്ചേരിപ്പടിയിലെ മാർക്കറ്റിന് സമീപം കൊച്ചി കോർപ്പറേഷന്റെ കെട്ടിടം നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് തീരുമാനിച്ചിരുന്നു. പ്രസ്തുത കെട്ടിടം ലഭ്യമാക്കുന്ന മുറയ്ക്ക് ഇടക്കൊച്ചി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്. |
| (ഇ) | പ്രസ്തുത പ്രദേശങ്ങളിലെ വൈദ്യുതി തടസം പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (ഇ) | പള്ളുരുത്തി സെക്ഷൻ പരിധിയിൽ 16 ട്രാൻസ്ഫോർമറുകൾ കപ്പാസിറ്റി കൂട്ടുകയും 4 എണ്ണം പുതുതായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 10 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു. ദ്യുതി-2021 പദ്ധതിയിൽ കൂടുതൽ ട്രാൻസ്ഫോർമറുകൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഐ.പി.ഡി.എസ്, ദ്യുതി എന്നീ പദ്ധതികളിലായി 10 കിലോമീറ്റർ കേടായ കണ്ടക്ടറുകൾ മാറ്റുക, 20 കിലോമീറ്റർ എ.ബി. കേബിളുകൾ വലിക്കുക, 6 ആർ.എം.യു. സ്ഥാപിക്കുക, ലൈനിലെ അറ്റകുറ്റപണികൾ ചെയ്യുക എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തുകയും അവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

Apsara
സെക്ഷൻ ഓഫീസർ

അനുബന്ധം

ചോദ്യം നമ്പർ: 668

| നമ്പർ | (എ) പുതിയ സെക്ഷന്റെ പേര് | സെക്ഷൻ ഉത്ഘാടനം ചെയ്ത തീയതി | (ബി) പ്രവർത്തിക്കുന്ന കെട്ടിടം (വാടക രഹിതം / വാടക കെട്ടിടം) | (സി) വാടക നൽകുന്നത് | Remarks |
|---|---|---|---|---|---|
| 1 | കാച്ചാണി | 23/06/2017 | വാടക രഹിതം | - | വ്യാപാരി വ്യവസായി ഏകോപന സമിതി വക കെട്ടിടം |
| 2 | പാപ്പനംകോട് | ആരംഭിച്ചിട്ടില്ല | - | - | - |
| 3 | പൂഴിക്കുന്ന് | 02/03/2016 | വാടക രഹിതം | - | പഞ്ചായത്ത് വക കെട്ടിടം |
| 4 | റാന്നി പെരുനാട് | 27/08/2016 | വാടക രഹിതം | - | പഞ്ചായത്ത് വക കെട്ടിടം |
| 5 | വള്ളികുന്നം | 11/08/2016 | വാടക കെട്ടിടം | തദ്ദേശ സ്വയംഭരണ സ്ഥാപനം | - |
| 6 | വെൺമണി | 29/03/2017 | വാടക കെട്ടിടം | 03/2018 വരെയുള്ള വാടക VENSEC എന്ന സന്നദ്ധ സംഘടന നൽകിയിരുന്നു. നിലവിൽ കെ. എസ്. ഇ.ബി. വാടക നൽകുന്നു | - |
| 7 | മീനടം | 28/02/2016 | വാടക രഹിതം | - | പഞ്ചായത്ത് വക കെട്ടിടം |
| 8 | കുരോപ്പട | 28/02/2016 | വാടക രഹിതം | - | പഞ്ചായത്ത് വക കെട്ടിടം |
| 9 | മുളന്തുരുത്തി | 01/03/2016 | വാടക രഹിതം | - | പഞ്ചായത്ത് വക കെട്ടിടം |
| 10 | ഇടകൊച്ചി | ആരംഭിച്ചിട്ടില്ല | - | - | - |
| 11 | എടത്തല | 09/05/2016 | വാടക കെട്ടിടം | തദ്ദേശ സ്വയംഭരണ സ്ഥാപനം | - |
| 12 | നെല്ലിക്കുഴി | 05/11/2016 | വാടക കെട്ടിടം | തദ്ദേശ സ്വയംഭരണ സ്ഥാപനം | - |
| 13 | മഞ്ഞള്ളൂർ | 05/09/2016 | വാടക കെട്ടിടം | തദ്ദേശ സ്വയംഭരണ സ്ഥാപനം | - |
| 14 | ഉടുമ്പൻചോല | 15/01/2017 | വാടക രഹിതം | - | പഞ്ചായത്ത് വക കെട്ടിടം |
| 15 | ആലക്കോട് തൊടുപുഴ | 22/10/2016 | വാടക രഹിതം | - | പഞ്ചായത്ത് വക കെട്ടിടം |
| 16 | വാളയാർ | 29/03/2017 | വാടക കെട്ടിടം | കെട്ടിടം പണിയുന്നതിന് 10 സെന്റ് സ്ഥലം ലഭ്യമാക്കിയതിനെ തുടർന്ന് 12/2017 മുതൽ വാടക കെ. എസ്. ഇ.ബി. നൽകുന്നു | KSIDC വക കെട്ടിടം |

| | (എ) | | (ബി) | (സി) | |
|---|---|---|---|---|---|
| നമ്പർ | പുതിയ സെക്ഷന്റെ പേര് | സെക്ഷൻ ഉത്ഘാടനം ചെയ്ത തീയതി | പ്രവർത്തിക്കുന്ന കെട്ടിടം (വാടക രഹിതം / വാടക കെട്ടിടം) | വാടക നൽകുന്നത് | Remarks |
| 17 | കയറടി | ആരംഭിച്ചിട്ടില്ല | - | - | - |
| 18 | ലക്കിടി കൂട്ടുപാത | ആരംഭിച്ചിട്ടില്ല | - | - | - |
| 19 | കമ്പിടി | 04/03/2016 | വാടക കെട്ടിടം | വാടക ബോർഡ് നൽകുന്നില്ല | |
| 20 | വിളയൂർ | ആരംഭിച്ചിട്ടില്ല | - | - | - |
| 21 | മമ്പാട് | 04/03/2016 | വാടക കെട്ടിടം | പഞ്ചായത്ത് | - |
| 22 | പുഴക്കാട്ടിരി | 21/11/2017 | വാടക കെട്ടിടം | തദ്ദേശ സ്വയംഭരണ സ്ഥാപനം | - |
| 23 | മുണ്ടക്കുളം | ആരംഭിച്ചിട്ടില്ല | - - | - | - |
| 24 | തുവ്വൂർ | 03/03/2016 | വാടക കെട്ടിടം | പഞ്ചായത്ത് | - |
| 25 | ഇന്ത്യാന്നൂർ | ആരംഭിച്ചിട്ടില്ല | - | - | - |
| 26 | കോറോം | 29/08/2016 | വാടക കെട്ടിടം | കെട്ടിടം പണിയുന്നതിന് 10 സെന്റ് സ്ഥലം തരാമെന്ന സമ്മതപത്രം ലഭ്യമായതിനെ തുടർന്ന് 09/2017 മുതൽ വാടക കെ. എസ്. ഇ.ബി. നൽകുന്നു | - |
| 27 | പെരിങ്ങത്തൂർ | 03/03/2016 | വാടക കെട്ടിടം | വാടക നൽകുന്നില്ല | - |
| 28 | ചെറുപുഴ | 06/08/2016 | വാടക കെട്ടിടം | പഞ്ചായത്തും ജനകീയ സമിതിയും ചേർന്ന് 08/2016 മുതൽ 2 വർഷത്തെ വാടക നൽകിയിരുന്നു. നിലവിൽ കെ. എസ്.ഇ.ബി. വാടക നൽകുന്നു. | - |
| 29 | വള്ളിത്തോട് | 04/03/2016 | വാടക കെട്ടിടം | 04/03/2016 മുതൽ 2 വർഷത്തെ വാടക പഞ്ചായത്ത് നൽകിയിരുന്നു. നിലവിൽ കെ. എസ്.ഇ.ബി. വാടക നൽകുന്നു. | - |
| 30 | സീതാംഗോളി | 12/03/2017 | വാടക കെട്ടിടം | തദ്ദേശ സ്വയംഭരണ സ്ഥാപനം | - |

Apsary
സെക്ഷൻ ഓഫീസർ